## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ
ചോദ്യം നമ്പർ. 2870

18.06.2018-ൽ മറുപടിക്ക്

# പെരിന്തൽമണ്ണ പോളിടെക്നിക്ക് കോളേജിലെ വൊക്കേഷണൽ ഡിപ്ലോമ കോഴ്സ്

**ചോദ്യം**

ശ്രീ. മഞ്ഞളാംകുഴി അലി

(എ) കേന്ദ്ര മാനവ വിഭവശേഷി വികസന മന്ത്രാലയത്തിന്റെ കീഴിൽ എ.ഐ.സി. ടി.ഇ.യുടെ നിയന്ത്രണത്തിൽ പെരിന്തൽമണ്ണ സർക്കാർ പോളിടെക്നിക് കോളേജിൽ ആരംഭിച്ച വൊക്കേഷണൽ ഡിപ്ലോമ കോഴ്സ് (ഓട്ടോ ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ്) പൂർത്തിയാക്കിയ 2014-17 ബാച്ചിലെ വിദ്യാർത്ഥികൾക്ക് നാളിതുവരെയായിട്ടും ഗ്രേസ് കാർഡ്, ലെവൽ, ഡിപ്ലോമ സർട്ടിഫിക്കറ്റുകൾ വിതരണം നടത്താത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നാളിതു വരെയായി ഈ സർട്ടിഫിക്കറ്റുകൾ വിതരണം നടത്താത്തത് എന്തു കൊണ്ടാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇത്തരം സർട്ടിഫിക്കറ്റുകൾ നൽകുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; എത്ര വിദ്യാർത്ഥികൾക്ക് ഇനിയും സർട്ടിഫിക്കറ്റ് നൽകാനുണ്ട് എന്ന് വ്യക്തമാക്കുമോ;

**മറുപടി**

പ്രൊഫ. സി. രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) & (ബി) ഉണ്ട്. കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയത്തിന്റെ കീഴിൽ എ.ഐ.സി. ടി.ഇ.യുടെ നിയന്ത്രണത്തിൽ കമ്മ്യൂണിറ്റി പോളിടെക്നിക് പദ്ധതിയായി 2014-17 അക്കാദമിക വർഷം പെരിന്തൽമണ്ണ സർക്കാർ പോളിടെക്നിക് കോളേജ് ഉൾപ്പെടെ 5 പോളിടെക്നിക്ക് കോളേജുകളിൽ ഓട്ടോ ഇലക്ട്രിക്കൽ & എ.എം.പി ഇലക്ട്രോണിക്സ് വൊക്കേഷണൽ ഡിപ്ലോമ കോഴ്സ് ആരംഭിച്ചിട്ടുണ്ട്. പെരിന്തൽമണ്ണ സർക്കാർ പോളിടെക്നിക് കോളേജിൽ ടി കോഴ്സിലേയ്ക്ക് 2014 ൽ 60 വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുകയും 2017-ൽ നടന്ന അവസാന വർഷ പരീക്ഷയിൽ 55 വിദ്യാർത്ഥികൾ വിജയിക്കുകയും ചെയ്തിട്ടുണ്ട്. കോഴ്സ് വിജയകരമായി പൂർത്തിയാക്കിയ മേൽപ്പറഞ്ഞ 55 വിദ്യാർത്ഥികൾക്ക് എൽ 3, എൽ 4, എൽ 5 എന്നീ തലങ്ങളിലെ ഗ്രേഡ് കാർഡ് പ്രസ്തുത സ്ഥാപനത്തിൽ നിന്നും ഇതിനോടകം നൽകിയിട്ടുണ്ട്. ലെവൽ, ഡിപ്ലോമ സർട്ടിഫിക്കറ്റുകൾ അനുവദിക്കുന്നതിനായി സാങ്കേതിക പരീക്ഷ കൺട്രോളറുടെ 26.10.2016 ലെ റ്റിഎക്സ് റ്റി/3662/2016 പ്രകാരം വിദ്യാർത്ഥി ഒന്നിന് പ്രതിവർഷം 300/- രൂപ നിരക്കിൽ ലെവൽ -3, ലെവൽ -4 സർട്ടിഫിക്കറ്റുകൾക്കായി നിശ്ചിത ഫീ ഒടുക്കിയിട്ടുണ്ട്. കോഴ്സ് വിജയകരമായി പൂർത്തിയാക്കിയ 55 പേരുടെ പേരു വിവരങ്ങൾ പെരിന്തൽമണ്ണ സർക്കാർ

| | | | |
|---|---|---|---|
| | | | പോളിടെക്നിക് കോളേജിൽ നിന്നും 8.2.2018 ന് സമർപ്പിച്ചിട്ടുണ്ട്. 16.6.2018 ന് സാങ്കേതിക പരീക്ഷ കൺട്രോളറുടെ കാര്യാലയത്തിൽ നിന്നുള്ള നിർദ്ദേശമനുസരിച്ച് ലെവൽ, ഡിപ്ലോമ സർട്ടിഫിക്കറ്റുകൾ ഉടൻ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പെരിന്തൽമണ്ണ സർക്കാർ പോളിടെക്നിക് കോളേജ് പ്രിൻസിപ്പാൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | യഥാസമയം സർട്ടിഫിക്കറ്റുകൾ ലഭിയ്ക്കാത്തത് കാരണം കോഴ്സ് പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് ഉപരിപഠനത്തിനോ ജോലിക്ക് അപേക്ഷ സമർപ്പിക്കുന്നതിനോ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | കോഴ്സ് പൂർത്തിയാക്കിയ എല്ലാ വിദ്യാർത്ഥികൾക്കും സർട്ടിഫിക്കറ്റുകൾ അടിയന്തരമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; | (ഡി) | കോഴ്സ് പൂർത്തിയാക്കിയ മുഴുവൻ വിദ്യാർത്ഥികൾക്കും സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ പെരിന്തൽമണ്ണ സർക്കാർ പോളിടെക്നിക് കോളേജ് പ്രിൻസിപ്പാളിനും സാങ്കേതിക പരീക്ഷ കൺട്രോളർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഇ) | ഈ കോഴ്സിന് പി.എസ്.സി.യുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അംഗീകാരം ലഭിയ്ക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിയ്ക്കുമോ? | (ഇ) | ഇല്ല. ഇപ്പോൾ പരിഗണനയിലില്ല |

Manoj M

സെക്ഷൻ ഓഫീസർ